# MARIAN

Official Monthly News Bulletin January 2015




**St. Mary's Indian Orthodox Cathedral**
P.O. Box 834, Manama, Kingdom of Bahrain. Tel:17252980, Fax: 17276092
E-mail: info@stmarybahrain.com, Website:www.stmarybahrain.com

MARIAN



*Message from Vicar*

# "യൽദോയിലെ ദൈവപ്രസാദം"

കർത്താവിൽ പ്രിയരെ,

ആഘോഷങ്ങളുടെ മാസമായി ഡിസംബർ അറിയപ്പെടുന്നു. ഉണ്ണിയേശുവിന്റെ ഓർമ്മകൾ ഈ ദിനങ്ങളെ ധന്യമാക്കുന്നു. ദേവചൈതന്യത്തേക്കാളുപരി യേശുകുഞ്ഞ് ലോകത്തിന് ഒരു സാന്ത്വനവും സമാധാനവുമാണ്. മനുഷ്യമനസിന്റെ ലോലതന്ത്രികളിൽ നൈർമ്മല്യത്തിന്റെ രാഗം തെളിയിക്കുന്ന ഒരു വികാരമാണ് ആ തിരുരൂപം.

ആദ്യത്തെ ക്രിസ്തുമസിന് സ്വർഗ്ഗവും ഭൂമിയും ഒരുപോലെ സന്തോഷിച്ചു. ആകാശത്തിൽ സ്വർഗ്ഗീയ ദൂതന്മാർ ചിറക്‌വിരിച്ചു പാടി. താഴെ ഭൂമിയിൽ ആട്ടിടയന്മാർ ഈ പാട്ടുകേട്ട് ഉണർന്ന് പുൽകൂട്ടിലെത്തി യേശുകുഞ്ഞിനെ നമസ്ക്കരിച്ചു. കിഴക്കിന്റെ പ്രഭുക്കന്മാർ മൈലുകൾതാണ്ടി ബേത്‌ലഹേമിലെത്തി പൊന്നും, മൂരും, കുന്തിരിക്കവും കാഴ്ചവച്ചു. കാളിദാസന്റെ ശാകുന്തളത്തിൽ വിവരിക്കുന്ന അതേ നിർവൃതി–സ്വർഗ്ഗവും ഭൂമിയും ഒന്നുചേരുന്ന നിർവൃതി.

അന്ന് അവശതയനുഭവിക്കുന്ന ജനതതിയ്ക്കാണ് ദൈവപ്രസാദം ആവോളം ലഭിച്ചത്. ഇന്ന് അവശതയനുഭവിക്കുന്നവർ ചൂഷണം ചെയ്യപ്പെടുന്നു, മതത്തിന്റേയും ജാതിയുടേയും നിറത്തിന്റെയും പേരിൽ. അന്ന് രാജത്വവും ദൈവത്വവും സമർപ്പിച്ച യേശുകുഞ്ഞിനെ വിദ്വാന്മാർ ആദരിച്ച് നിർവൃതിയടഞ്ഞു. ഇന്ന് അംഗീകാരത്തിനുവേണ്ടി മനുഷ്യനെ മതിലുകൾ തീർത്ത് വേർപെടുത്തി ഭിന്നിപ്പിക്കുന്നു.

ആദ്യത്തെ ക്രിസ്തുമസിന് ഒരു നക്ഷത്രവിളക്കേ ഉണ്ടായിരുന്നുള്ളൂ. അത് ആകാശത്തിന്റെ നെറുകയിൽ ഉജ്ജ്വലമായി കത്തിക്കൊണ്ടിരുന്നു, യേശുവിനെ തെരയുന്നവർക്ക് വഴികാട്ടിയായി. ഇന്ന് ഭൂമിയിൽ കോടാനുകോടി നക്ഷത്രവിളക്കുകൾ കത്തിക്കാറുണ്ട്. പ്രഭമങ്ങിയ ആ വിളക്കുകൾ മനുഷ്യനെ മാദകത്വത്തിന്റെ മാർഗ്ഗഭ്രംശത്തിലേക്ക് നയിക്കുന്നില്ലെ? അന്ന് സന്മനസ്സുള്ളവർക്ക് സമാധാനമെന്ന് മാലാഖമാർ പാടി. ഇന്ന് മാലാഖമാർ മുഖംമൂടിയണിഞ്ഞ മൺമയരുടെ കോലംകണ്ട് മുഖം മറയ്ക്കുന്നു.

ഒരിക്കൽകൂടി ക്രിസ്തു വന്നിരുന്നെങ്കിൽ! ബേത്‌ലഹേമിലെ പുൽകൂട്ടിലേക്കല്ല, ചീഞ്ഞുനാറുന്ന മനുഷ്യമനസിലെ നിശുദ്ധതയിലേക്ക്, ഒരു ആശയായി, ഒരു സമാധാനമായി, ഒരു സാന്ത്വനമായി ഒരു തീജ്ജ്വാലയായി അവൻ പ്രത്യക്ഷപ്പെട്ടിരുന്നുവെങ്കിൽ?

സ്നേഹപൂർവ്വം,

**വർഗീസ് യോഹന്നാൻ വട്ടപ്പറമ്പിൽ കത്തനാർ**
E-mail: vattaparampilachen@gmail.com
Mob: 39445358



Message from Astt.Vicar

# ദിവ്യദർശന യാത്രയും മടക്കയാത്രയും

നിക്ഷേപ പാത്രങ്ങളുമായി ഭൂമിയിൽ അവതരിച്ച ദൈവ നിത്തെ ദർശിക്കുവാൻ ഇറങ്ങിപുറപ്പെട്ട വിദ്വാന്മാരുടെ യാത്രയിൽ തങ്ങളുടെ വഴികാട്ടിയായിരുന്ന നക്ഷത്രത്തെ അല്പ നേരത്തേക്ക് വിസ്മരിച്ചപ്പോൾ, ഹെരോദാവിന്റെ കൊട്ടാര വിസ്മയത്തിലേക്ക് കടന്നു ചെന്നപ്പോൾ വലിയ ദുരന്തങ്ങൾക്ക് വഴിതെളിച്ചു. അനേകായിരം പൈതങ്ങളുടെ പ്രാണൻ ഇവ രുടെ വഴിപിഴച്ച യാത്രമൂലം നഷ്ടപ്പെട്ടു. എന്നാൽ സമസ്ത ലോകങ്ങളുടേയും സൃഷ്ടാവും കാലങ്ങൾക്ക് അതീതനായ വനുമായ മനുഷ്യാവതാരം ചെയ്ത ദൈവത്തെ ദർശിച്ച് സമ്മാനങ്ങൾ അർപ്പിച്ചതിനുശേഷമുള്ള വിദ്വാന്മാരുടെ മടക്കയാത്ര 'വേറെ വഴിയായി' അവർ തിരഞ്ഞെടുത്തു.

ദിവ്യ ദർശനത്തിനുശേഷം വഴിമാറിപ്പോയ അനേകരുടെ അനുഭവങ്ങൾ വി. വേദപുസ്തകം സാക്ഷിക്കുന്നു. യെശയ്യാ പ്രവാചകൻ ദൈവ ദർശനത്തിനു ശേഷം തന്റെ പഴയകാല ജീവിതത്തെക്കുറിച്ച് വിലപിക്കുന്നു (യെശ.6:5). ദിവ്യവെളിച്ചം ചുറ്റും മിന്നിത്തെളിഞ്ഞ ശൗൽ പൗലോസായി മാറി. സക്കായി ക്ക് അത്തിമരച്ചുവട്ടിൽ ക്രിസ്തു ദർശനത്താൽ മാറ്റം ഉണ്ടാക്കി. കുറിയ മനസ്സിൽ നിന്നും വിശാലമനസ്സിലേക്ക് പരിവർത്തന മുണ്ടായി. ക്രിസ്തുവിനെ കണ്ട ശമര്യാസ്ത്രീയും പാപിനി യായ സ്ത്രീയും നവീന സൃഷ്ടികളായി രൂപാന്തരപ്പെട്ടു. ഉണ്ണി യേശുവിനെ കണ്ട ആട്ടിടയന്മാർ ദൈവത്തെ സ്തുതിച്ചും മഹത്വപ്പെടുത്തിയും കൊണ്ട് മടങ്ങിപ്പോയി.

ഈ ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റേയും കാല യളവിൽ നഷ്ടപ്പെട്ടുപോയ (പിഴച്ചുപോയ) യാത്രകളിൽ നി ന്നും വ്യത്യസ്തമായി 'വേറെ വഴിയിലൂടെ' ആത്മിയ നൽവര ങ്ങൾ ലാക്കാക്കിയുള്ള ഒരു ശുഭമടക്കയാത്ര ഏവർക്കും നേരുന്നു.

ക്രിസ്തുമസ്-നവവത്സര ആശംസകൾ നേർന്നുകൊണ്ട്
സ്നേഹപൂർവ്വം,

**ഫാ. എം. ബി. ജോർജ്**
Mob: 35642519

## Message from Trustee & Secretary





# “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം”

കർത്താവിൽ പ്രിയരെ,

സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നല്ലദിനങ്ങളുമായി വീണ്ടും ഒരു ക്രിസ്തുമസ്സ് രാവുകൂടി വന്നണഞ്ഞു. ആട്ടിടയന്മാരോടും, സ്വർ ഗ്ഗീയ മാലാഖമാരോടും ചേർന്ന് വീണ്ടും ഒരിക്കൽകൂടി ഉണ്ണിയേശുവിന്റെ തിരു പിറവിയെ ഓർക്കാം. ലോകത്തിന്റെ വീണ്ടെടുപ്പിനായി ഭൂമിയിലേക്ക് പിറന്നുവീണ ഉണ്ണിയേശുവിന്റെ ഓർമ്മകൾ നമ്മൾക്കും പ്രചോദനവും പ്രത്യാശയുമായി തീരട്ടെ.

ദൈവത്തിന്റെ കൃപയാൽ ചാരിറ്റിസെയിലിന്റെ രണ്ടാംഘട്ടവും ഭംഗിയായി പൂർത്തീ കരിച്ചു. ലേല സാധനങ്ങൾ തന്ന് സഹായിച്ചവരോടും അത് ലേലം വിളിച്ച് എടുത്ത് ഈ ഉദ്യമം വിജയിപ്പിച്ചവർക്കും ഇടവകയുടേയും ഹാർവെസ്റ്റ്, ഫെസ്റ്റിവൽ കമ്മിറ്റിയുടേയും പേരിലുള്ള നന്ദി അറിയിക്കട്ടെ. ഇതിന്റെ പിന്നിൽ ആദിമുതൽ അന്ത്യംവരെ പ്രവർത്തിച്ച ഏവർക്കും ഒരായിരം നന്ദി.

നമ്മുടെ ഇടവകയിലേക്ക് കടന്നുവന്ന അസ്സിസ്റ്റന്റ് വികാരി ബഹു. എം. ബി. ജോർജ് അച്ചനെ ഹാർദ്ദമായി സ്വാഗതം ചെയ്യട്ടെ. മുഖ്യ ശുശ്രൂഷകനായ ശ്രീ. സുനിൽ കുമാറിനും ഇടവകയിലേക്ക് സ്വാഗതം. ‘നിന്റെ വഴി യഹോവയിൽ ഭരമേൽപ്പിക്കുക; അവനിൽ തന്നെ ആശ്രയിക്കുക. അവൻ അത് നിവർത്തിക്കും’. അസാധ്യമെന്ന് തോന്നിയത് ഒക്കെയും സാധ്യമാക്കിയ ദൈവത്തിന് സ്തോത്രം. ഒപ്പം പ്രാർത്ഥന യിൽ നമ്മൾ ഒരുമിച്ച് സമർപ്പിച്ചപ്പോൾ ദൈവത്തിന്റെ അളവറ്റ അനുഗ്രഹം എപ്പോഴും കൂടെയുണ്ടായിരുന്നു.

എല്ലാത്തിനും ദൈവസന്നിധിയിൽ ഒരായിരം നന്ദിയർപ്പിച്ചുകൊണ്ട് സസ്നേ ഹം നിർത്തുന്നു, ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കട്ടെ.

**തോമസ് കാട്ടുപറമ്പിൽ**
കത്തീഡ്രൽ ട്രസ്റ്റി

**സാബു ജോൺ**
കത്തീഡ്രൽ സെക്രട്ടറി



# സ്വാഗതം

കത്തീഡ്രലിന്റെ ആദ്യത്തെ അസി. വികാരി
ബഹു. **എം.ബി. ജോർജ്** അച്ചന്
കത്തീഡ്രലിലേക്ക് ഹാർദ്ദമായ
**സ്വാഗതം**

# ആശംസകൾ



കത്തീഡ്രലിന്റെ മുഖ്യ ശുശ്രൂഷകനായി
നിയമിതനായ **ശ്രീ. സുനിൽ കുമാറിന്**
***ആശംസകൾ!!***

Mob: 39629079

## വി. കുർബാന

ജനുവരി മാസത്തെ വി. കുർബാനയുടെ തീയതികൾ.
**4, 18 (ഞായറാഴ്ചകൾ), 10, 24 (ശനിയാഴ്ചകൾ)**

ജന്മദിന–വിവാഹ കവറുകൾ പോസ്റ്റലായി അയക്കുന്നതല്ല.
എസ്.എം.എസ്. മുഖേന ആശംസകൾ അറിയിക്കുന്നതും
പ്രവേശന കവാടത്തിൽ കവറുകൾ
ക്കായി പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന ബോക്സിൽ നിന്ന്
കവറുകൾ ലഭ്യമാകുന്നതുമാണ്.

ഇടവകയിൽ അംഗമായി ചേരുവാൻ ആഗ്രഹിക്കുന്നവർ
പള്ളി ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷാ ഫോറം
പൂരിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.



**Joby George**
Plavila Veedu,
Trippilazhikom
Parish : St. Thomas Orthodox Puthen Pally
Diocese : Tiruvananthapuram
Mob : 39801678
Roll No : 2371
Area : Salmaniya



**Nitin M.Varkey**
Mundakkat House
Vaniampara
Parish : St. Gregorious Orthodox Syrian Church
Diocese : Trissur
Mob : 35146510
Roll No : 2372
Area : American Mission



**James Chacko**
B1606, Bhandup Village
Parish : St. Paul's Orthodox Church Powai.
Diocese : Mumbai
Mob : 38409987
Roll No : 2373
Area : Manama



**Libin K. Thomas**
Kochuveettil House
South Pampady
Parish : St.George Orthodox Church
Diocese : Kottayam
Mob : 66308381
Roll No : 2374
Area : Salmaniya



**Mathew Padipurackal Rajan**
Padipurackal House
Mulanthuruthy
Parish : St. Thomas Orthodox Church Mulanthuruthy
Diocese : Kochi
Mob : 39775454
Roll No : 2375
Area : Shk Hamad-Lulu Rd



**Jacob John A. J.**
Ayikunnathu Thekkethil
Muthupilakkadu
Parish : St. Mary's Orthodox Church Muthupilakkadu
Diocese : Kollam
Mob : 32397994
Roll No : 2376
Area : Church Area-South



**Binoy Easow**
Eattil House, Mepral, Thiruvalla
Parish : St. John's Orthodox Church
Diocese : Niranam
Mob : 39871810
Roll No : 2377
Area : Sitra-Riffa



**Cyril K. John**
Kavinte Padinjattethil House
Vazhamuttom East. Pathanamthitta
Parish : Mar Bursouma Vazhamuttom East.
Diocese : Thumpamon
Mob : 39102467
Roll No : 2378
Area : Salmabad-Isa Town



**Ben John Varghese**
Vattaparampil House, Chengannur
Parish : Bethel Aramana Chapel, Chengannur
Diocese : Chengannur
Mob : 35341534
Roll No : 2379
Area : ChurchArea-South

**Siju Baby**
Siju Bhavanam, Vallikunnam,
Allapuzha
Parish :
Diocese : Mavelikkara
Mob : 33485946
Roll No : 2380
Area : Muharaq

# 2015 ലെ കത്തീഡ്രൽ ഭാരവാഹികൾ

| | | |
|---|---|---|
| വികാരി/പ്രസിഡന്റ് | – | റവാ. ഫാ. വർഗീസ് യോഹന്നാൻ വട്ടപറമ്പിൽ |
| അസി. വികാരി/ വൈ. പ്രസിഡന്റ് | – | റവ. ഫാ. എം. ബി. ജോർജ് |
| ട്രസ്റ്റി | – | ശ്രീ. അനോ ജേക്കബ് |
| സെക്രട്ടറി | – | ശ്രീ. മോൻസി ഗീവർഗീസ് |

**മാനേജിംഗ് കമ്മിറ്റി മെമ്പേഴ്സ്**

| | | |
|---|---|---|
| അദല്യ– ഉമ്മൽഹസം | – | ലാജി അലക്സ് |
| അമേരിക്കൻ മിഷൻ | – | സണ്ണി വർഗീസ് |
| ചർച്ച് സൗത്ത് | – | ഈപ്പൻ തോമസ് |
| ഗഫൂൾ/കമ്മീസ് | – | റോയ് കെ. സ്കറിയ |
| ഗുദൈബിയ | – | ജോൺ വർഗീസ് |
| ഹൂറ | – | രാജൻ പി. റ്റി. |
| ഇസ്സാ ടൗൺ/സൽമബാദ് | – | പ്രിൻസ് ഏബ്രഹാം |
| മനാമ | – | ലിജോ തുരുത്തേൽ |
| മുഹറക്ക് | – | റിജോ തങ്കച്ചൻ |
| റിഫാ/സിത്ര | – | തോമസ് സി. ഐ. |
| സൽമാനിയ | – | സാജൻ നൈനാൻ |
| ഷേയ്ക്ക് ഹമദ് ലുലു | – | വർഗീസ് മാത്യു |
| സുഗയ/സിഞ്ച് | – | രാജൻ ഏബ്രഹാം |
| എക്സ് ഒഫിഷ്യോ | – | തോമസ് കാട്ടുപറമ്പിൽ |
| ഇന്റേണൽ ഓഡിറ്റർ | – | മാത്യു വർഗീസ് |

editorial board

Chief Editor : Bony Mulappampallil
Editor : Vinod Daniel
Graphics & Lay Out : Sunil Tiruvalla.

# Favours Received



M. M. Mathew
Sosamma Mathew
Chris Mathew
Christa Mariam Mathew



*Well Wishier*



Moncy Gheevarghese
Riny Moncy
Mauris Varghese Moncy
Merick Jacob Moncy
Maurin Mariam Moncy



George Thomas
Leelamma Thomas
Linta Ziriac, Linsa Noble
Alvin Ziriac, Seraha Ziriac

*Private circulation among cathedral members only*